04/12/21.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 743*(2)/2020*/***എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **15204**/*എസ്.ഐ.സി-ജി 6/20)*

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.വി.രാമകൃഷ്ണൻ നായർ,
പുണർതം, നല്ലൂർവട്ടം, പ്ലാമൂട്ടിക്കട (പി.ഒ.)
കുളത്തൂർ. } അപ്പീൽ ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
റവന്യൂ ഡിവിഷണൽ ഓഫീസർ,
റവന്യൂ ഡിവിഷണൽ ഓഫീസ്,
നെടുമങ്ങാട് – 695 541. } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 06.11.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 20.11.2020 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | – |
| അപ്പീലിന് മറുപടി നൽകിയ തീയതി | – |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 30.12.2020 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 30.12.2020 |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. വി.രാമകൃഷ്ണൻ നായർ, 30.12.2020ന് സമർപ്പിച്ച പരാതി ഹർജി അന്നേദിവസം തന്നെ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.743(2)/20/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് നാളിതുവരെ മറുപടി ലഭിച്ചില്ലെന്നാണ്.

3. പരാതി ഹർജിക്കാരൻ 06.11.2020ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1. കേരള തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 27(A) പ്രകാരം നെടുമങ്ങാട് ആർ.ഡി.ഒ. സബ്ഡിവിഷൻ നിലവിൽ വന്നശേഷം ഇതുവരെ നിലം തരം മാറ്റാൻ വേണ്ടിയുള്ള എത്ര അപേക്ഷകൾ വന്നിട്ടുണ്ടെന്നും ഇതിൽ 06.11.2020വരെ എത്ര അപേക്ഷകൾക്ക് തീർപ്പ് കൽപ്പിച്ച് തരം മാറ്റി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കണമെന്നും

2. ഭൂമി തരം മാറ്റാനുള്ള അപേക്ഷ ലഭിച്ചാൽ എത്ര ദിവസത്തിനുള്ളിൽ ടി അപേക്ഷയിന്മേൽ തീർപ്പാക്കണം എന്നാണ് സർക്കാർ നിർദ്ദേശമെന്നും ടി നിർദ്ദേശം അനുസരിച്ച് ലഭിച്ച അപേക്ഷകൾക്ക് എല്ലാം തീർപ്പുണ്ടാക്കിയിരുന്നോയെന്നും

3. ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും ബി.റ്റി.ആർ.ൽ നിലമായി രേഖപ്പെടുത്തിയതുമായ 2008ന് മുന്നേയുള്ള നികത്ത് ഭൂമി പുരയിടം ആയി തരം മാറ്റി നൽകാനുള്ള സർക്കാർ മാർഗ്ഗ നിർദ്ദേശം എന്താണെന്നും

4. ആർ.ഡി.ഒ.തരം മാറ്റാനുള്ള ഭൂമി പരിശോധന നടത്താറുണ്ടോയെന്നും ഉണ്ടെങ്കിൽ ഏത് ഘട്ടത്തിലാണ് പരിശോധന നടത്താറെന്നുമാണ്.

4. എതിർകക്ഷി 23.01.2021ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്ക് വിവരാവകാശ നിയമം 2005 അനുശാസിക്കും വിധമുള്ള സമയപരിധിയ്ക്കുള്ളിൽ 20.11.2020 തീയതി പ്രകാരമുള്ള മറുപടി 23.11.2020ന് ടി കാര്യാലയത്തിൽ നിന്നും ടിയാന്റെ അപേക്ഷയിൽ ചേർത്തിരുന്ന മേൽവിലാസത്തിലേയ്ക്ക് അയച്ചിട്ടുള്ളതായി ടി കാര്യാലയത്തിലെ ഡെസ്പാച്ച് രജിസ്റ്റർ പരിശോധിച്ചതിൽ കാണുന്നുവെന്നും ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നുവെന്നുമാണ്.

5. 06.11.2020 തീയതി കമ്മീഷൻ ഓഡിയോ സംവിധാനം വഴി നടത്തിയ ഹിയറിംഗിൽ പരാതി ഹർജിക്കാരനും എതിർകക്ഷിയും ഹാജരായിരുന്നു.

6. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും, ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് നാളിതുവരെ

യാതൊരു മറുപടിയും ലഭ്യമായില്ലെന്നാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ഉന്നയിച്ചിരിക്കുന്നത്. എന്നാൽ ഹർജിക്കാരന്റെ 06.11.2020ലെ അപേക്ഷയ്ക്ക് മറുപടി 23.11.2020 ന് ടിയാന്റെ അപേക്ഷയിൽ ചേർത്തിരുന്ന മേൽ വിലാസത്തിലേയ്ക്ക് അയച്ചിട്ടുണ്ടെന്നാണ് എതിർകക്ഷിയുടെ വാദം. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരന് 23.11.2020നു നൽകിയ മറുപടിയുടെ പകർപ്പ് രജിസ്റ്റേർഡ് തപാലിൽ അയച്ചു നൽകണമെന്ന് കമ്മീഷൻ എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

7. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2021 നവംബർ 06–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)